കെ.എസ്.ഇ.ബി.-യിലെ വിരമിക്കൽ പ്രായം

14 (2002) ശ്രീ പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ സർക്കാരിന്റെ ഭാഗമല്ലാതെ മാറ്റുന്നതിനായി സർക്കാരോ ബോർഡോ എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ ഉത്തരവ് ഇറക്കുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കി വിശദമാക്കുമോ ;

(ബി) ബോർഡിലെ വിരമിക്കൽ പ്രായം കൂട്ടാൻ എന്തെങ്കിലും നടപടികളോ ശിപാർശകളോ ഉണ്ടോ ; വിശദമാക്കാമോ ;

(സി) ബോർഡിൽ ഇപ്പോൾ ഇലക്ട്രിക്കൽ, സിവിൽ, എഞ്ചിനീയറിംഗ്, മിനിസ്റ്റീരിയൽ വിഭാഗങ്ങളിലായി എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട് ; വിശദമാക്കാമോ ;

(ഡി) നിലവിൽ എതൊക്കെ തസ്തികകളിൽ ഒഴിവുണ്ട് ; ഇനം തിരിച്ച് വിശദമാക്കാമോ ;

(ഇ) കരാർ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുവെന്ന് കണക്കെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ സർക്കാരിന്റെ ഭാഗമല്ലാതെ മാറ്റുന്നതിന് ഒരു നടപടിയും സ്വീകരിക്കുകയോ ഉത്തരവ് ഇറക്കുകയോ ചെയ്തിട്ടില്ല.

(ബി) ഇല്ല.

(സി)

വിഭാഗം	ജീവനക്കാരുടെ എണ്ണം
ഇലക്ട്രിക്കൽ	26006
സിവിൽ	929
മിനിസ്റ്റീരിയൽ	6542

LIBRARY ARCHIVES Kerala Legislative Assembly

(ഡി)

തസ്തിക	എണ്ണം
എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)	3
എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	1
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)	12
അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	250
അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)	103
അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ	1
അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ	1
ഡിവിഷണൽ അക്കൗണ്ടന്റ്	29
സീനിയർ സൂപ്രണ്ട്	49
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	36
സബ്. എഞ്ചിനീയർ (ഇലക്ട്രിക്കൽ)	561
സബ്. എഞ്ചിനീയർ (സിവിൽ)	9
ഓവർസിയർ (ഇലക്ട്രിക്കൽ)	158
ഓവർസിയർ (സിവിൽ)	56
സീനിയർ അസിസ്റ്റന്റ്	140
ഫെയർ കോപ്പി അസിസ്റ്റന്റ്	47
പി.റ്റി.സി. സ്വീപ്പർ	334
സ്കിൽഡ് ടെക്നീഷ്യൻ	6

LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട്-ന്റെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പഠന റിപ്പോർട്ട് ലഭ്യമായശേഷം മാത്രമേ മീറ്റർ റീഡർ, കാഷ്യർ എന്നീ തസ്തികകളിലെ അനുവദനീയ എണ്ണം, ഒഴിവുകൾ എന്നിവ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(ഇ) കരാർ അടിസ്ഥാനത്തിൽ 2 ജീവനക്കാർ ജോലിചെയ്യുന്നുണ്ട്. ഫീൽഡ് തലത്തിൽ ചില അത്യാവശ്യ ജോലികൾ വർക്ക് കോൺട്രാക്ട് നൽകി ചെയ്യുവരുന്നുണ്ട്.

കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം

15(2003) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ നിലവിൽ എത്ര മസ്ദൂർ, ലൈൻമാൻ, ഓവർസിയർ, സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ; ഇതിൽ എത്ര എണ്ണം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

മസ്ദൂർ	- ഒഴിവില്ല
ലൈൻമാൻ	- ഒഴിവില്ല
ഓവർസിയർ	- 158
സബ്. എഞ്ചിനീയർ	- 285 (PSC - ക്വാട്ട)
അസിസ്റ്റന്റ് എഞ്ചിനീയർ	- 64 (PSC - ക്വാട്ട)

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മസ്ദൂർ തസ്തിക ഒഴികെ മറ്റെല്ലാ തസ്തികകളിലെയും ഒഴിവുകൾ തിട്ടപ്പെടുത്തുന്നത് സംസ്ഥാനാടിസ്ഥാനത്തിലാണ്.

സബ് എഞ്ചിനീയർ തസ്തികയിൽ 30% PSC - ക്വാട്ടയിൽ 275 ഒഴിവുകൾ PSC - ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ-40% PSC - ക്വാട്ടയിൽ കോടതി നിർദ്ദേശപ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി 394 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly